ശ്രീ. പത്മകുമാർ എന്റെ തൊട്ടടുത്ത് ഇരിക്കുന്നതുകൊണ്ട് അദ്ദേഹം ആവശ്യപ്പെട്ട ഒരു കാര്യം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഞാൻ മനസ്സിലാക്കുകയാണ്. ഇതോടൊപ്പം മറെറാരു ഭേദഗതിയുണ്ട്. ഇതിൽ ഭർത്താക്കൻമാരും ഉൾപ്പെടുകയാണ്. കൂടുതൽ സ്ത്രീകൾ ഇപ്പോൾ പണി എടുക്കുന്നു, സാമ്പത്തിക സ്വാതന്ത്ര്യം ലഭിക്കുന്നു എന്നുള്ളതുകൊണ്ട് വിവാഹമോചനം സംഭവിച്ചാൽ ഇത്തരത്തിൽ സ്വന്തം മെയിൻറനൻസ് നടത്താൻ കഴിയാത്ത ഭർത്താക്കൻമാർക്ക് സ്ത്രീകൾ സംരക്ഷണച്ചെലവ് കൊടുക്കണമെന്നുകൂടി ഉൾപ്പെടുത്തുന്ന ഒരു ഭേദഗതി ഇതിൽ വരും.

(ചർച്ച തുടരും)

(6) 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൽ) ബിൻ

ശ്രീ. വി. വി. രാഘവൻ: 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൻ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനം വളരെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുകയാണ്. നെൽപ്പാടങ്ങളെല്ലാം നികത്തുകയാണ്. നികത്തുന്നത് വിലക്കുന്ന ഒരു സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും വേലി തന്നെ വിളവ് തിന്നുന്നു എന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. ആർ. ഡി. ഒ, മാരാണ് ഇത് തടയപ്പെടേണ്ട ആളുകൾ. അവരാണ് ഇതിന് അനുവാദം കൊടുക്കുന്നത്. അപ്പോൾ സർക്കാർ ഉത്തരവ് അപ്രസക്തമാണെന്ന് തെളിഞ്ഞുകഴിഞ്ഞു. ഞാൻ നിർദ്ദേശിക്കുന്നത് ഒരു നിയമം അടിയന്തിരമായി ആവശ്യമാണ്. ചുരുങ്ങിയപക്ഷം കളക്ടർമാരെങ്കിലും ഇതിന്റെ ഉത്തരവാദിത്വം ഏറെറടുക്കേണ്ടതാണ്. ഇവിടെ വനസംരക്ഷണത്തെപ്പററി ശബ്ദമുയർത്താൻ ആളുകളുണ്ട്. പരിസ്ഥിതിവാദികൾ ആ വക കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇന്നത്തെ നിലയിൽ ഈ നെൽപ്പാടങ്ങൾ നികത്തിയാൽ നെൽകൃഷി നശിക്കുമെന്ന് മാത്രമല്ല നമ്മുടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി തന്നെ ആകെ തകിടം മറിയുന്ന സ്ഥിതിവിശേഷം ഉണ്ടാകും. ഈ നെൽവയലുകളെല്ലാം നികത്തിയിടത്താണ് കിണറുകൾ വററിവരണ്ടിട്ടുള്ളത്. ഈ നെൽവയലുകളിൽ പെയ്യുന്ന മഴയുടെ ഒരു ഭാഗമെങ്കിലും ശേഖരിച്ച് ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കണം. അതെല്ലാം കണ്ണടച്ചാണ് നികത്തിപോകുന്നത് എങ്ങനെയാണ് കയ്യും കെട്ടി നോക്കിയിരിക്കാൻ സാധിക്കുക? റിയൽ എസ്റേറ്റുകാരും എന്നു പറഞ്ഞ് പണമുള്ള ആളുകൾ ഏറെറവും ആദായകരമായി പണമുണ്ടാക്കുന്ന ഒരു മാർഗ്ഗമായി ഈ നെൽപ്പാടങ്ങൾ വാങ്ങുകയും ഫ്ളാറ്റ് വയ്ക്കുകയും പ്ലോട്ട് കളാക്കി വിൽക്കുകയും ചെയ്തത് കണ്ടമാനം കാശുണ്ടാക്കുകയാണ്. അത് തടയാൻ ബാദ്ധ്യതപ്പെട്ട ആളുകൾ അത് തടയുന്നില്ല എന്നു മാത്രമല്ല, അതിനെതിരെ കണ്ണടയ്ക്കുന്നു. ചിലർ അനുവാദം കൊടുത്തുകൊണ്ടേയിരിക്കുന്നു. ഈ സ്ഥിതി ഇങ്ങനെ പോയാൽ ദൈവത്തിന്റെ സ്വന്തം ഹരിതാഭമായിട്ടുള്ള ഭൂമി അനതിവിദൂരമായ ഭാവിയിൽ കേവലം മരുഭൂമിയായി മാറും. ഉള്ള പാടങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്നില്ല. അത്യന്തം ആപൽക്കരമായ ഒരവസ്ഥയാണ് ഇവിടെ സംജാതമായിട്ടുള്ളത്. 9 ലക്ഷം ഹെക്ടർ നെൽവയലുകൾ ഉണ്ടായിരുന്നത് ഇപ്പോൾ അഞ്ചുലക്ഷം ഹെക്ടറിന് താഴെയായി. നെൽവയലുകൾ കണ്ടമാനം കയ്യും കണക്കുമില്ലാതെ നികത്തിക്കൊണ്ടിരിക്കുകയാണ്. ഈ ഭൂമി ഇപ്പോൾ നികത്തികഴിഞ്ഞാൽ കൃഷിചെയ്യണമെന്നാഗ്രഹിക്കുന്ന കൃഷിക്കാർക്കുപോലും അത് ചെയ്യാൻ സാധിക്കുകയില്ല. നീരൊഴുക്കും ഉണ്ടാവുകയില്ല. ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള പരാതികളാണ് ഇന്ന് ഉയർന്നു കേൾക്കുന്നത്. പക്ഷേ പരാതി അനുസരിച്ച് ബാദ്ധ്യതപ്പെട്ടവർ നടപടി എടുക്കുന്നില്ല. അതുകൊണ്ട് ഇത് തടയാൻ ഒരു നിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്. ഒരിക്കൽ ഗവൺമെൻറ് ഒരു നിയമനിർമ്മാണത്തിന് വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും അതുണ്ടായില്ല. അതുകൊണ്ട് ഈ സ്വകാര്യ ബിൽ—നെൽപ്പാടങ്ങൾ നികത്തുന്നതു തടഞ്ഞുകൊണ്ട് കേരളത്തിൻെറ പരിസ്ഥിതിയെ സംരക്ഷിക്കുക, നെല്ലുൽപ്പാദനം നിലനിർത്തുക എന്നിങ്ങനെയുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ ബിൽ—പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(7) 1991-ലെ കേരള ന്യൂസ്പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ

ശ്രീ. സി.പി. ബാലൻ വൈദ്യർ: സർ, 1991-ലെ കേരള ന്യൂസ് പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സമൂഹത്തിൽ ന്യൂസ്പേപ്പർ എജൻറുമാരും വിതരണക്കാരും വളരെ സാഹസമുള്ള ഒരു ജോലി എടുക്കുന്നവരാണ്. രാവിലെ നമ്മുടെ കൈകളിൽ പത്രം കിട്ടിയില്ലെങ്കിൽ അങ്ങുംപ്പെടെ വിതരണക്കാരോട് അരിശപ്പെടുന്ന ആളുകളാണ്. ഏതാണ്ട് നാലുമണിക്ക് ഉണർന്ന് പത്രക്കെട്ട് എടുത്ത് മഴയായാലും ഏത് പ്രതികൂല കാലാവസ്ഥയായാലും വായനക്കാരുടെ വീടുകളിലെത്തിച്ചുകൊടുക്കുന്ന ഒരു ജോലിയിലാണ് ഈ മേഖലയിലുള്ളവർ ഏർപ്പെട്ടിട്ടുള്ളത്. പത്ര മാനേജുമെൻറ് വയ്ക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് കടം വാങ്ങിയും വസ്തു ഈടുകൊടുത്തും പണം സ്വരൂപിച്ച് ഡെപ്പോസിറ്റുകെട്ടിവച്ചാണ് ഏജൻസി എടുക്കുന്നത്. കുട്ടികളൊട്ട് വൃദ്ധൻമാർ വരെയുള്ള മൂവായിരത്തിലധികം ആളുകൾ ഈ തൊഴിലുമായി ബന്ധപ്പെട്ടവരാണ്. ഒരുപക്ഷേ എണ്ണം അതിനേക്കാൾ വർദ്ധിക്കാനാണ് സാദ്ധ്യത. ഒരു ഏജൻറിൻെറ കീഴിൽ മൂന്നോ നാലോ സബ് ഏജൻറുമാർ ഉണ്ടാകും. സ്ത്രീകൾ കുട്ടികൾ ഉൾപ്പെടെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവർക്കൊരു ക്ഷേമനിധി ഏർപ്പെടുത്തണം. അതുപോലെതന്നെ പത്രത്തിന് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ ഡെപ്പോസിറ്റ് സമയത്ത് അടയ്ക്കാൻ കഴിയാത്തതിൻെറയും കോപ്പി വർദ്ധിപ്പിക്കുന്ന സമയത്ത് ഡെപ്പോസിറ്റ് അടയ്ക്കാത്തതിൻെറയും ഫലമായി കോപ്പി വിട്ടുകിട്ടാത്ത ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇവർക്ക് സാമ്പത്തികസഹായം കൊടുക്കാൻ, അത് സുരക്ഷിതമായി നടത്തിക്കൊണ്ടുപോകത്തക്കവിധമുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇക്കാര്യത്തിൽ പത്ര മാനേജ്മെൻറിനും ബാദ്ധ്യതയുണ്ട്. ആ നിലയിൽ സർക്കാർകൂടി മുൻകൈ എടുത്ത് ഒരു തൊഴിലെന്ന നിലയിൽ ദേശവൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും പത്രത്തിൻെറ ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള ആവശ്യത്തിന് ഇവർക്ക് വേണ്ടിവരുന്ന പണം സ്വരൂപിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. പത്രമുതലാളിമാർ ചൂഷണസമീപനത്തോടുകൂടിയാണ് പത്രവിതരണക്കാരേയും ഏജൻറുമാരേയും കാണുന്നത്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കാൻ തയ്യാറാകുന്നില്ല. ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിക്കണം. ഇത്രയധികം സാഹസകരമായ ജോലി എടുക്കുന്ന വിഭാഗത്തിനെ മാനുഷിക പരിഗണന വച്ചുകൊണ്ട് സഹായിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം. അതിനുവേണ്ടി നടപടി

LIBRARY ARCHIVES Kerala Legislative Assembly